പിണ്ണാക്കനാട് 33 കെ.വി സബ്സ്റ്റേഷനുവേണ്ടി ആദ്യം തിരഞ്ഞെടുത്ത സ്ഥലം (Survey No. 282/9) ഗവൺമെന്റ് ഉത്തരവ് GO(Rt)No.3819/2020/RD dated 21-12-2020 പ്രകാരം KSEBL-ന് അനുമതി നൽകിയിരുന്നു. എന്നാൽ തുടർന്ന്, അതിന്റെ ഉടമ ആ സ്ഥലം മറ്റൊരാൾക്ക് വിൽപ്പന നടത്തി. പുതിയ ഉടമയ്ക്ക് കെ.എസ്.ഇ.ബി.എൽ.-ന സ്ഥലം വിൽക്കാൻ താല്പര്യവുമില്ല. ഇപ്പോൾ അനുയോജ്യമായ മൂന്ന് സ്ഥലങ്ങൾ കണ്ടെത്തുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണത്തിനായി 14.63 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

കെ.എസ്.ഇ.ബി. സബ് സ്റ്റേഷനുകൾ

225(5384) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എവിടെയെല്ലാമാണ് കെ.എസ്.ഇ.ബി. പുതിയ സബ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനായി എന്ത് തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) മുൻ സർക്കാരിന്റെ കാലത്ത് സ്ഥാപിച്ച സബ്സ്റ്റേഷനുകളുടെ പേരുവിവരവും ചെലവഴിച്ച തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സംസ്ഥാനത്ത് പുതിയ കെ.എസ്.ഇ.ബി. സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

വിശദമായ സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെന്നുകാണുന്ന സ്ഥലങ്ങളിൽ പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതും നിലവിലുള്ളവയുടെ വോൾട്ടേജ് നിലവാരം ഉയർത്തുന്നതും പരിഗണനയിലുണ്ട്. ഇപ്രകാരം നടപ്പുസാമ്പത്തിക വർഷം ഒരു 400 കെ.വി സബ്സ്റ്റേഷനും ആറ് 220 കെ.വി സബ്സ്റ്റേഷനുകളുമടക്കം 28 പുതിയ സബ്സ്റ്റേഷനുകൾ പൂർത്തികരിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly